"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - മലപ്പുറം ജില്ലയിലെ കറുവ ഗ്രാമപഞ്ചായത്ത് വാർഡ് 14 പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതിയിലെ ക്രമക്കേട് - ധനകാര്യ പരിശോധനാ സ്ക്വാഡ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ഷെറിൻ ബീഗം, അസ്സിസ്റ്റന്റ് എൻജിനിയർമാരായ ശ്രീമതി സവിത വി., ശ്രീ. സജീബ് കരുവാട്ടിൽ, റിട്ട. അസ്സിസ്റ്റന്റ് എൻജിനിയർ ശ്രീ മനോജ് കെ.ജി. എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2280/2025/LSGD തീയതി,തിരുവനന്തപുരം, 20-09-2025

---

പരാമർശം:-

1. ധനകാര്യവകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ 30.3.2023-ലെ പ.വി.എച്ച്./7/2022/ധന നമ്പർ അർദ്ധ ഔദ്യോഗിക കത്ത്
2. 20.06.2023-ലെ EWA2/33/2023-LSGD നമ്പർ കത്ത്
3. 07.10.2023-ലെ EWA2/33/2023-LSGD നമ്പർ കുറ്റപത്രം / കുറ്റാരോപണ പത്രിക.
4. വിജിലൻസ് (ഡി) വകുപ്പിന്റെ 21.10.2023-ലെ വിജി-474/2022-വിജി നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 01.10.2022-ലെ E15-(SC48/21/MPM)9983/21 നമ്പർ കത്തും അനുബന്ധ റിപ്പോർട്ടും
5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ഷെറിൻ ബീഗം സമർപ്പിച്ച പ്രതിവാദപത്രിക
6. റിട്ട. അസ്സിസ്റ്റന്റ് എൻജിനിയർ ശ്രീ മനോജ് കെ.ജി. സമർപ്പിച്ച 19.11.2023-ലെ പ്രതിവാദപത്രിക
7. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സജീബ് കരുവാട്ടിൽ സമർപ്പിച്ച 13.12.2023-ലെ പ്രതിവാദപത്രിക
8. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി സവിത വി. സമർപ്പിച്ച 16.12.2023-ലെ പ്രതിവാദപത്രിക
9. പ്രിൻസിപ്പൽ ഡയറക്ടറുടെ 03.09.2024-ലെ LSGD/PD/47705/2023-VIGD2 നമ്പർ കത്ത്.
10. സ.ഉ. (സാധാ) നം. 1839/2024/LSGD തീയതി 03.10.2024
11. 02.11.2024-ലെ DB 1-4458/23 നമ്പർ ഔപചാരിക അന്വേഷണ

റിപ്പോർട്ട്

## <u>ഉത്തരവ്</u>

1. മലപ്പുറം ജില്ലയിലെ കറുവ ഗ്രാമപഞ്ചായത്ത് വാർഡ് 14 പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതിയുടെ ഭാഗമായി ക്രമക്കേട് നടന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് നടത്തിയ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രേഖകൾ പ്രകാരം 2016-17 വർഷത്തിൽ പൂർത്തീകരിച്ച പടിഞ്ഞാറ്റുമുറി കുടിവെള്ളപദ്ധതിയിൽനിന്ന് ഗുണഭോക്താക്കൾക്ക് നാളിതുവരെയായി കുടിവെള്ളം ലഭിച്ചിട്ടില്ല എന്നും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽപ്പെടാത്ത സ്ഥലത്ത് 13,81,770/- രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയതും തുടർന്ന് സ്ഥല ഉടമസ്ഥതയെക്കുറിച്ചുവന്ന തർക്കങ്ങളുമാണ് പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നതിന് തടസമായത് എന്നും കണ്ടെത്തുകയും ആയതിനാൽ മേൽക്രമക്കേടുകളുമായി ബന്ധപ്പെട്ട് ആരോപണവിധേയരായ ഉദ്യോഗസ്ഥരിൽ നിന്നും പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ച 13,81,770/- രൂപ ഈടാക്കേണ്ടതും ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ് എന്ന് ധനകാര്യ വകുപ്പ് പരാമർശം (1) പ്രകാരം ശിപാർശ ചെയ്യുകയുമുണ്ടായി.

2. ധനകാര്യവകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി ചെലവഴിച്ച 13,81,770/- രൂപ കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ ഒരോരുത്തരുടെയും ഉത്തരവാദിത്തം കണക്കാക്കി ഈടാക്കാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് പരാമർശം 2 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. അതോടൊപ്പം, കുറ്റാരോപിതരായ മുൻ അസ്സിസ്റ്റന്റ് എൻജിനിയർ ശ്രീമതി ഷെറിൻ ബീഗം (PEN-684030; നിലവിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ), അസ്സിസ്റ്റന്റ് എൻജിനിയർമാരായ ശ്രീമതി സവിത വി. (PEN-697248), ശ്രീ. സജീബ് കരുവാട്ടിൽ (PEN - 696503), ശ്രീ. മനോജ് കെ.ജി. (PEN-693375) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം കഠിനശിക്ഷയുള്ള അച്ചടക്കനടപടി ആരംഭിച്ച് കുറ്റപത്രം / കുറ്റാരോപണ പത്രിക പരാമർശം (3) പ്രകാരം നൽകുകയുണ്ടായി. അസ്സിസ്റ്റന്റ് എൻജിനിയർ ശ്രീ. മനോജ് കെ.ജി. 31.03.2023-ൽ VRS എടുത്ത് സർവീസിൽ നിന്ന് വിരമിക്കുകയുണ്ടായി.

3. മുൻ അസ്സിസ്റ്റന്റ് എൻജിനിയർ ശ്രീമതി ഷെറിൻ ബീഗം പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ, പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതിയുടെ ഭാഗമായ കിണർനിർമ്മാണം (പ്രോജക്ട് നം.127/12) BLTAG കമ്മിറ്റിയുടെയും മലപ്പുറം ജില്ലാ ആസൂത്രണ സമിതിയുടെയും അംഗീകാരത്തോടെ ഗുണഭോക്തൃ സമിതി മുഖേനയാണ് പ്രോജെക്ടിൽ വിഭാവനം ചെയ്തിട്ടുള്ളതെന്നും കിണർ നിർമ്മാണത്തിനുള്ള ഭൂമി 13/02/2012-ൽ ശ്രീമതി അമ്പലവൻ പാത്തുമ്മക്കുട്ടി കുറുവ വില്ലേജ് ഓഫീസർ മുമ്പാകെ വിട്ടു നൽകിയിട്ടുള്ളതാണെന്നും ആയതിന് ശേഷമാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളതെന്നും വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുള്ളതാണെന്നും കിണർ ഇപ്പോഴും ഉപയോഗയോഗ്യമായി നിലകൊള്ളുന്നുവെന്നും ബോധിപ്പിക്കുന്നു. 2012-13 വാർഷികപദ്ധതിയിൽ ടാങ്ക് നിർമ്മാണത്തിനുള്ള പ്രോജക്ട് ഏറ്റെടുക്കുകയും ആയതിന്

ആസൂത്രണസമിതി അംഗീകാരവും സാങ്കേതികാനുമതിയും ലഭ്യമാക്കി പ്രവൃത്തി നിർവ്വഹണത്തിനായി ഗുണഭോക്തൃ സമിതി കൺവീനറുമായി ഉടമ്പടിയിലേർപ്പെട്ടിട്ടുള്ളതുമാണെന്നും 13.05.2013-ൽ സ്ഥലംമാറ്റം കിട്ടി മറ്റൊരു ഓഫീസിൽ ജോയിൻ ചെയ്യുകയും കുറവ ഓഫീസിൽ അഡീഷണൽ ചാർജിൽ തുടരുകയും 02.07.2013-ൽ അഡീഷണൽ ചാർജിൽ നിന്നും റിലീവ് ചെയ്യുകയും ടാങ്ക് നിർമ്മാണം അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി സവിതയുടെ കാലയളവിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും 29.08.2014-ൽ ടാങ്ക് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണെന്നും ടിയാൾ ബോധിപ്പിക്കുന്നു. തന്റെ കാലയളവിൽ കിണർനിർമ്മാണം മാത്രമാണ് പൂർത്തീകരിച്ച് ബിൽ തുക നൽകിയിട്ടുള്ളതെന്നും പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം നടപ്പിലാക്കിയ ഈ പദ്ധതി ഇന്നും ഉപയോഗപ്രദമായി നിലകൊള്ളുന്നതിനാൽ ഈ പദ്ധതി ഏറ്റെടുത്തതിലൂടെ സർക്കാരിനോ, ഗ്രാമപഞ്ചായത്തിനോ യാതൊരു നഷ്ടവും വരുത്തിയിട്ടില്ലെന്നും ടിയാൾ ബോധിപ്പിക്കുന്നു.

4. റിട്ട. അസ്സിസ്റ്റന്റ് എൻജിനിയർ ശ്രീ മനോജ് കെ.ജി. പരാമർശം (6) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ, 2011-2012ൽ തുടങ്ങിയ പടിഞ്ഞാറ്റുമുറി കുടിവെള്ളപദ്ധതിയുടെ തുടർപദ്ധതിയായാണ് പടിഞ്ഞാറ്റുമുറി കുടിവെള്ളപദ്ധതിയുടെ പൈപ്പ്ലൈൻനീട്ടൽ എന്ന പദ്ധതി 2015-16ൽ നിർവ്വഹണം നടത്തിയതെന്നും ഇതിനുമുൻപ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 3 പ്രവൃത്തികൾ മുൻകാലങ്ങളിൽ ചെയ്തതിനാൽ ടി കുടിവെള്ളപദ്ധതി പഞ്ചായത്ത് ആസ്തിയാണോയെന്ന് പരിശോധിക്കേണ്ട ആവശ്യകത പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തി ചെയ്യുമ്പോൾ ഇല്ലായിരുന്നുവെന്നും അസിസ്റ്റന്റ് എഞ്ചിനീയർമാർ സിവിൽ പ്രവൃത്തികൾ പൂർത്തിയാക്കിയതിനുശേഷം സെക്രട്ടറിമാർ ചെയ്യേണ്ട ഉത്തരവാദിത്തം അക്കാലത്തെ സെക്രട്ടറിമാർ ചെയ്യാതിരുന്നതാണ് പദ്ധതി ആസ്തിരജിസ്റ്ററിൽ ഉൾപ്പെടാതിരുന്നതിനും ഗുണഭോക്താക്കൾക്ക് വെള്ളം ലഭിക്കാതിരുന്നതിനും കാരണമെന്നും 11.08.2015 മുതൽ 15.07.2016 വരെയുള്ള കുറഞ്ഞകാലയളവിൽ മാത്രമാണ് കുറവഗ്രാമപഞ്ചായത്തിൽ ജോലിചെയ്തിട്ടുള്ളതെന്നും ഈ കാലയളവിലാണ് മേൽപദ്ധതിയിലെ അഡീഷണൽ പ്രവൃത്തിയായ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ നിർവ്വഹിക്കേണ്ടി വന്നതെന്നും ശാരീരിക അസുഖങ്ങൾ കാരണം 31/03/2023 തീയതി V.R.S. എടുത്തുവെന്നും ബോധിപ്പിക്കുന്നു. 2011-ൽ തുടങ്ങിയ കുടിവെള്ള പദ്ധതിയുടെ ഒരു അഡീഷണൽ വർക്ക് മാത്രമാണ് 2015-16 കാലയളവിൽ ചെയ്തതെന്നും കൂടാതെ മേൽ പൈപ്പ് ലൈൻ പഞ്ചായത്ത് റോഡിലൂടെയാണ് ഇട്ടിട്ടുള്ളതെന്നും ചെയ്ത പ്രവൃത്തിക്ക് മോണിറ്ററിംഗ് റിപ്പോർട്ട് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ജലം പൈപ്പ് ലൈനിലൂടെ ഒഴുക്കികാണിച്ചതിനുശേഷമാണ് തുക നൽകിയിട്ടുള്ളതെന്നും പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് നേരിട്ട് ഉത്തരവാദിയല്ലെന്നും പഞ്ചായത്തിനോ സർക്കാരിനോ യാതൊരു ധനനഷ്ടവും വരുത്തിയിട്ടില്ലെന്നും ആയതിനാൽ കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൾ അപേക്ഷിച്ചിട്ടുണ്ട്.

5. അസ്സിസ്റ്റന്റ് എൻജിനിയർ ശ്രീ. സജീബ് കരുവാട്ടിൽ പരാമർശം (7) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ, ടാങ്ക് നിർമാണത്തിന് 06/03/2013നാണ് അസിസ്റ്റന്റ്

എഞ്ചിനീയറും കൺവീനറും തമ്മിൽ കരാറിൽ ഏർപ്പെട്ടതെന്നും തുടർന്ന് ടാങ്കിന്റെ നിർമ്മാണപ്രവൃത്തി അസ്സിസ്റ്റന്റ് എൻജിനിയർ ശ്രീമതി സവിതയുടെ കാലയളവിലാണ് നടപ്പാക്കിയിട്ടുള്ളതെന്നും 11/08/2013 മുതലാണ് ടിയാൾ ഈ പ്രോജക്ടിന്റെ മേൽനോട്ടം ഏറ്റെടുക്കുന്നതെന്നും എഗ്രിമെന്റ്, സാങ്കേതിക അനുമതി, ആസൂത്രണ സമിതി അപ്രൂവൽ, അഡ്മിനിസ്ട്രേറ്റീവ് അപ്രൂവൽ തുടങ്ങിയവയെല്ലാമുള്ള പ്രോജക്ട് പൂർത്തീകരിച്ചപ്പോൾ അതിന്റെ ബിൽ തുക മാറി ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകുകയാണ് ചെയ്തതെന്നും ടാങ്ക് നിർമ്മാണത്തിനുള്ള സ്ഥലം ശ്രീ. ചേരപ്പുളിക്കൽ പോക്കർ ഹാജി നിർമ്മാണ സമയത്തുതന്നെ ലാൻഡ് റിലിങ്കിഷ്മെന്റ് ഫോമിൽ ഒപ്പിട്ടു സൗജന്യമായി വിട്ടു നൽകിയിട്ടുള്ളതാണെന്നും ശ്രീ. പോക്കർ ഹാജിയുടെ മരണശേഷം അദ്ദേഹം മക്കൾക്ക് നൽകിയ സ്ഥലത്തിന്റെ ആധാരത്തിന്റെ പട്ടികയിൽ കൃത്യമായി പഞ്ചായത്തിന്റെ ടാങ്ക് നിൽക്കുന്ന സ്ഥലം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ മക്കൾ നൽകിയ Affidavit-ൽ പ്രസ്തുത സ്ഥലം പഞ്ചായത്തിന്റേതാണെന്ന് പറഞ്ഞിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു. പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന വർക്ക് ചാർജ് എടുക്കുന്ന സമയത്തുതന്നെ എഗ്രിമെന്റ് നിലവിലുള്ളതാണെന്നും ഒരു നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ എല്ലാവിധ അനുമതികളും എഗ്രിമെന്റുമുള്ള വർക്ക്, എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും എന്നാൽ വർക്ക് പൂർത്തീകരിക്കുന്നതിനു മുമ്പ് ശൂന്യവേതനാവധിയിൽ പോകേണ്ടിവന്നതിനാൽ പഞ്ചായത്തിന്റെ ചുമതല തുടർന്നു വന്ന അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറുകയാണ് ഉണ്ടായതെന്നും ഈ പദ്ധതി ഏറ്റെടുത്തതിൽ സർക്കാരിനോ പഞ്ചായത്തിനോ യാതൊരു നഷ്ടവും വരുത്തിയിട്ടില്ല എന്നും ടിയാൾ ബോധിപ്പിക്കുന്നു.

6. അസ്സിസ്റ്റന്റ് എൻജിനിയർ ശ്രീമതി സവിത വി. പരാമർശം (8) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ, കുറുവ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലാണ് ആദ്യമായി സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നതെന്നും 2012-13 വാർഷിക പദ്ധതിയിൽ ഗ്രാമസഭാ നിർദ്ദേശം മുഖേന പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടുകൂടി നടപ്പിലാക്കിയ പടിഞ്ഞാറ്റുമുറി കുടിവെള്ള ടാങ്ക് നിർമ്മാണത്തിന് DPC അംഗീകാരവും സാങ്കേതികാനുമതിയും ലഭ്യമാക്കി ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയിട്ടുള്ളതാണെന്നും പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടം കിണർ നിർമ്മാണം നിയമപരമായ നടപടികൾ പൂർത്തീകരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും രണ്ടാംഘട്ടമായ വാട്ടർടാങ്ക് നിർമ്മാണം മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ഷെറിൻ ബീഗം 06/03/2013ൽ എഗ്രിമെന്റ് വെച്ചതിനുശേഷം 02.07.2013ലാണ് ചാർജ്ജ് കൈമാറ്റം ചെയ്തതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തീകരിക്കുക എന്ന ചുമതല നിർവ്വഹിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ടി പദ്ധതിയുടെ ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും യാതൊരുവിധ തടസ്സവാദങ്ങളും ഉന്നയിക്കാതെയാണ് പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും പൂർത്തീകരിച്ചിട്ടുള്ളതെന്നും ബോധിപ്പിക്കുന്നു. തന്റെ കാലയളവിൽ ടാങ്ക് നിർമ്മാണത്തിന്റെ 20/06/2014 വരെയുള്ള നിർമ്മാണങ്ങളുടെ അളവുകൾ മാത്രമാണ് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും സ്ഥലംമാറ്റം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 20/06/2014-ൽ കുറുവ ഗ്രാമപഞ്ചായത്തിൽ നിന്നും റിലീവ് ചെയ്തിട്ടുള്ളതാണെന്നും പ്രോജക്ട് നം.187/14

പദ്ധതി സാങ്കേതികാനുമതി വാങ്ങി 17.02.2014-ൽ എഗ്രിമെന്റ് വെയ്ക്കുകമാത്രമാണ് ചെയ്തിട്ടുള്ളതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.സജീബ്-ന്റെ കാലയളവിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി പൂർത്തീകരിച്ചതെന്നും ഈ പദ്ധതി ഇന്നും ഉപയോഗപ്രദമായി നിലകൊള്ളുന്നതിനാൽ ഈ പദ്ധതി ഏറ്റെടുത്തതിലൂടെ സർക്കാരിനോ, ഗ്രാമപഞ്ചായത്തിനോ യാതൊരു നഷ്ടവും വരുത്തിയിട്ടില്ലെന്നും ടിയാൾ ബോധിപ്പിക്കുന്നു.

7. കുറ്റാരോപിതരുടെ പ്രതിവാദപത്രികയിന്മേൽ പരാമർശം (9) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള അഭിപ്രായക്കുറിപ്പിൽ, പദ്ധതി 29/09/2015ൽ ഉദ്ഘാടനം ചെയ്തിട്ടുള്ളതാണെന്നും എന്നാൽ ടി റിപ്പോർട്ടിനാധാരമായ അന്വേഷണസമയംവരെ പ്രസ്തുത കുടിവെള്ള പദ്ധതി മുഖേന ഗുണഭോക്താക്കൾക്കാർക്കും വെള്ളം ലഭ്യമായിട്ടില്ലെന്നും ഓരോ ഘട്ട പദ്ധതിക്കും ഭരണസമിതി അംഗീകാരം, ആസൂത്രണ സമിതി അംഗീകാരം സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ആയതിൽ നിന്നും പദ്ധതിയുടെ ഉദ്ദേശ്യവും ലക്ഷ്യവും സദുദ്ദേശപരമാണെന്ന് അനുമാനിക്കാവുന്നതാണെന്നും എന്നാൽ പദ്ധതി ആസൂത്രണ സമയം പദ്ധതി ആവശ്യാർത്ഥം വിട്ടു നൽകിയ ഭൂമി ഗ്രാമപഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തിയതാണോയെന്ന് ഉറപ്പുവരുത്തുന്നതിലും പദ്ധതി പൂർത്തീകരണത്തിന് ശേഷം ആയത് ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിലും സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ചേർത്ത് സംരക്ഷിക്കുന്നതിലും ബന്ധപ്പെട്ട ജീവനക്കാരുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതാണെന്നും ഈ വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ 257/2021 നമ്പർ പരാതി നിലവിലുണ്ടെന്നും കിണർ നിർമ്മാണത്തിനായി ശ്രീമതി പാത്തുമ്മക്കുട്ടി വിട്ടു നൽകിയ ഭൂമി മാത്രമാണ് ആസ്തി രജിസ്റ്ററിൽ ബഹു. ഓംബുഡ്സ്മാൻ നിർദ്ദേശ പ്രകാരം 21/10/2022-ന് ചേർത്തിട്ടുള്ളതെന്നും ടാങ്ക് നിർമ്മാണത്തിനായി വിട്ടു നൽകി എന്ന് പറയപ്പെടുന്ന ഭൂമി നാളിതുവരെ ഗ്രാമപഞ്ചായത്ത് ആസ്തിയിൽ ചേർത്തതായി കാണുന്നില്ലെന്നും ടി ഭൂമി വിട്ടു നൽകിയത് സംബന്ധിച്ച രേഖകളൊന്നും ഗ്രാമപഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ വസ്തുതകളിൽ നിന്നും കുടിവെള്ള പദ്ധതിക്കായി വിട്ടുകിട്ടിയ ഭൂമി, നിർവ്വഹണ സമയം ഗ്രാമപഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലെന്നും പദ്ധതി നിർവ്വഹണത്തിന് മുമ്പായി വിട്ടുകിട്ടിയ ഭൂമി ഗ്രാമപഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി അനുമാനിക്കാവുന്നതാണെന്നും അറിയിച്ചിരുന്നു.

8. തുടർന്ന് നടന്ന ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണത്തിൽ പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ഭാഗമായി കിണർ നിർമ്മാണം പമ്പ് ഹൗസ് നിർമ്മാണം, പൈപ്പ്ലൈൻ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ടെന്നും കിണർ നിർമ്മിച്ച സ്ഥലം 194210050000000020 എന്ന നമ്പർ പ്രകാരവും ടാങ്ക് 194210050000000035 എന്ന നമ്പർ പ്രകാരവും കുറവ ഗ്രാമ പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും ടാങ്ക് നിലനിൽക്കുന്ന സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല എന്നും ടാങ്ക് നിർമാണത്തിന് അനുവദിച്ച സ്ഥലമുടമ മക്കൾക്ക് നൽകിയ സ്ഥലത്തിന്റെ ആധാരത്തിന്റെ പട്ടികയിൽ പഞ്ചായത്തിന്റെ ടാങ്ക് നിൽക്കുന്ന സ്ഥലം എന്നു

രേഖപ്പെടുത്തിയിട്ടുണ്ട് എന്നും കണ്ടെത്തിയിട്ടുണ്ട്. ഗുണഭോക്താക്കളോട് അന്വേഷിച്ചപ്പോൾ ഒരുമാസം മുൻപ് വരെ വെള്ളം ലഭ്യമായിട്ടുണ്ടായിരുന്നതായും നിലവിൽ മോട്ടർ കേടായതിനാൽ വെള്ളം ലഭിക്കുന്നില്ല എന്നും പരാമർശം (11) പ്രകാരം സമർപ്പിച്ച ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ പരാമർശിക്കുന്നു. കുടിവെള്ള പദ്ധതി പരിപാലനവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃസമിതി രൂപീകരിച്ചിട്ടുള്ളതായും അതത് കാലത്തുണ്ടായിരുന്ന ഭരണസമിതിയുടെ അംഗീകാരത്തോടെ ഘട്ടം ഘട്ടമായി മാത്രമാണ് കുടിവെള്ള പദ്ധതിക്ക് ഫണ്ട് അനുവദിച്ച് നൽകിയിട്ടുള്ളത് എന്നതിനാൽ പ്രസ്തുത പ്രവൃത്തി അതത് കാലങ്ങളിൽ ഉണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ലഭ്യമായ ഫണ്ട്കൊണ്ട് ടി പദ്ധതി ഘട്ടം ഘട്ടമായി പൂർത്തീകരിക്കേണ്ടി വന്നിട്ടുള്ളത് എന്നും പ്രസ്തുത കുടിവെള്ള പദ്ധതി മുഖേന സർക്കാരിനോ പഞ്ചായത്തിനോ നിലവിൽ യാതൊരുവിധ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലാത്തതാണെന്നും റിപ്പോർട്ട് നൽകി.

9 . തുടർന്ന് ചട്ടപ്രകാരമുള്ള നടപടിക്രമങ്ങളുടെ ഭാഗമായി കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ 5/12/2024ൽ അണ്ടർസെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.ഹിയറിംഗ് വേളയിലെ വിവരങ്ങൾ കുറ്റാരോപിതരുടെ പ്രതിവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ്, ഔപചാരിക അന്വേഷണ റിപ്പോർട്ട്, ഈ വിഷയം വിശദമായി പരിശോധിച്ചതിൽ ഇപ്രകാരം വ്യക്തമാകുന്നു.

1. പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി നിർവ്വഹണം ഘട്ടം ഘട്ടമായി പൂർത്തീകരിച്ചതും, എന്നാൽ കിണറും ടാങ്കും സ്ഥാപിച്ച സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാനും നിർമ്മാണത്തെ തുടർന്ന് പൈപ്പ് ലൈൻ സ്ഥാപിക്കൽ, distribution line സ്ഥാപിക്കൽ, പമ്പ് ഹൗസ് നിർമ്മാണം, കറന്റ് കണക്ഷൻ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ പഞ്ചായത്ത് അധികൃതരിൽ നിന്നുണ്ടായ കാലതാമസവുമാണ് ഗുണഭോക്താക്കൾക്ക് കുടിവെള്ള പദ്ധതിയുടെ ഗുണം സമയബന്ധിതമായി ലഭിക്കാതെ വന്നത്.
2. കിണർ, വാട്ടർടാങ്ക് എന്നിവയുടെ സ്ഥലം ഉടമകൾ വിട്ട്നൽകിയിട്ടുള്ളതാണെന്ന് ലഭ്യമായ രേഖകളിൽ നിന്നും വ്യക്തമാണ്.
3. പ്രസ്തുത കുടിവെള്ള പദ്ധതിയ്ക്കായി നിർമ്മിച്ച ടാങ്ക് നിലവിൽ പ്രവർത്തിക്കുന്നതായും നിലവിൽ 11 കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം കുടിവെള്ളം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നുണ്ടെന്നും; കിണറിന്റെ യീൽഡ് ടെസ്റ്റ് നടത്തി കൂടുതൽ കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം നടത്താനാവുമോയെന്ന് എഞ്ചിനീയറിംഗ് വിഭാഗത്തിനെക്കൊണ്ട് പരിശോധിപ്പിക്കുന്നതാണെന്നും സെക്രട്ടറി ബോധിപ്പിച്ചിരുന്നുവെന്നും; 29/05/2024 ന് ഗ്രാമപഞ്ചായത്തിന്റെ ആസ്തി പരിപാലന കമ്മിറ്റി ചേർന്ന് പടിഞ്ഞാറ്റുംമുറി കുടിവെള്ള പദ്ധതി കുറവ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിന് ശിപാർശ ചെയ്യുകയും, 12/06/2024 ന് പഞ്ചായത്ത് കമ്മിറ്റി ശുപാർശ അംഗീകരിച്ച് 194210050000000035 നമ്പറായി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുള്ളതുമാണ്.

10. അതേസമയം,ഇപ്രകാരം 2011-12 വർഷത്തിൽ തുടങ്ങിയ ഒരു പദ്ധതി

ആരംഭിക്കുന്നതിന് മുന്നോടിയായി സ്വകാര്യ വ്യക്തികൾ വിട്ട് നൽകിയ സ്ഥലം ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും ഉറപ്പുവരുത്തുന്നതിലും പദ്ധതി പൂർത്തീകരണത്തിന് ശേഷം ആയത് ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിലും, സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ചേർത്ത് സംരക്ഷിക്കുന്നതിലും ബന്ധപ്പെട്ട ജീവനക്കാരുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതാണ്.ഇപ്രകാരമുണ്ടായ കാലതാമസം കാരണമാണ് പദ്ധതിയുടെ ഗുണം സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് ലഭിക്കാതെ പോയത്.

11.മേൽ സാഹചര്യത്തിൽ,മലപ്പുറം ജില്ലയിലെ കറുവ ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട ധനകാര്യപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ മുൻ അസ്സിസ്റ്റന്റ് എൻജിനിയർ ശ്രീമതി ഷെറിൻ ബീഗം, അസ്സിസ്റ്റന്റ് എൻജിനിയർമാരായ ശ്രീമതി സവിത വി. ശ്രീ. സജീബ് കരുവാട്ടിൽ, റിട്ട. അസ്സിസ്റ്റന്റ് എൻജിനിയർ ശ്രീ. മനോജ് കെ.ജി. എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി, അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (iii) പ്രകാരം മുൻ അസ്സിസ്റ്റന്റ് എൻജിനിയർ ശ്രീമതി ഷെറിൻ ബീഗത്തിന്റെ (PEN-684030; നിലവിൽ പെരിന്തൽമണ്ണ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) വാർഷികവേതനവർദ്ധനവ് രണ്ട് വർഷത്തേയ്ക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ടും അസ്സിസ്റ്റന്റ് എൻജിനിയർമാരായ ശ്രീമതി സവിത വി.-യുടെയും (PEN-697248) ശ്രീ. സജീബ് കരുവാട്ടിലിന്റെയും (PEN - 696503) വാർഷികവേതനവർദ്ധനവ് ഒരുവർഷത്തേയ്ക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ടും 2011-12ൽ തുടങ്ങിയ കുടിവെള്ളപദ്ധതിയുടെ അഡീഷണൽ പദ്ധതിയായ പൈപ്പ് ലൈൻനീട്ടൽ എന്ന പ്രവൃത്തി മാത്രം നിർവ്വഹിച്ച റിട്ട. അസ്സിസ്റ്റന്റ് എൻജിനിയർ ശ്രീ മനോജ് കെ.ജി.(PEN-693375)-യെ തുടർഅച്ചടക്കനടപടികളിൽ നിന്ന് ഒഴിവാക്കിക്കൊണ്ടും തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൂടാതെ, നിർമ്മാണത്തിനായുള്ള സ്ഥലം ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുണ്ടായ കാലതാമസംമൂലം പദ്ധതിയുടെ ഗുണഫലം ലഭ്യമാകുന്നതിൽ കാലതാമസം നേരിട്ടതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 13,81,770/- (പതിമൂന്ന് ലക്ഷത്തി എൺപത്തി ഒന്നായിരത്തി എഴുനൂറ്റി എഴുപത് രൂപ) രൂപ ടി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് സൂചന (2) പ്രകാരം നൽകിയ നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർ നടപ്പിലാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. ശ്രീമതി ഷെറിൻ ബീഗം (PEN-684030), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പെരിന്തൽമണ്ണ ഗ്രാമപഞ്ചായത്ത്.

2. ശ്രീമതി സവിത വി. (PEN-697248), അസിസ്റ്റന്റ് എഞ്ചിനീയർ
3. ശ്രീ. സജീബ് കരുവാട്ടിൽ (PEN - 696503), അസിസ്റ്റന്റ് എഞ്ചിനീയർ
4. ശ്രീ മനോജ് കെ.ജി., റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ

**(1, 2, 3, 4 ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**

5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരം, തിരുവനന്തപുരം
7. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ്(DPC Select List തയ്യാറാക്കുന്നതിലേക്കായി)
8. ധനകാര്യ (പരിശോധന എൻ.റ്റി-എച്ച്) വകുപ്പ് (11.03.2025-ലെ 2272116/IW-H1/7/2022-FIN പ്രകാരം)
9. വിജിലൻസ് (ഡി) വകുപ്പ് (21.10.2023-ലെ വിജി-474/2022-വിജി നമ്പർ കത്ത് പ്രകാരം)
10. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
11. സ്റ്റോക്ക് ഫയൽ (EWA2/33/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 22-09-2025 11:00:58

സെക്ഷൻ ഓഫീസർ